**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1037** **11-02-2025 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിലെ മീറ്റർ റീഡർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ കണക്ഷന് ആനുപാതികമായി മീറ്റർ റീഡർമാർ നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ മീറ്റർ റീഡർമാരുടെ ജില്ല തിരിച്ചുള്ള ഒഴിവുകളുടെ കണക്ക് ലഭ്യമാക്കുമോ; | (ബി) | കേരള വാട്ടർ അതോറിറ്റിയിൽ സംസ്ഥാന അടിസ്ഥാനത്തിലാണ് ഒഴിവുകൾ നികത്തി വരുന്നത്. സംസ്ഥാനതൊട്ടാകെ അഞ്ച് ഒഴിവുകൾ ആണ് നിലവിലുള്ളത്. |
| (സി) | തസ്തിക പരിവർത്തനത്തിലൂടെ മീറ്റർ റീഡർ തസ്തിക വർധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ? | (സി) | കേരള വാട്ടർ അതോറിറ്റിയിൽ വൈജ്ഞാനിക ഭരണനിർവഹണത്തിന്റെ ഭാഗമായി, ഏതാനും തസ്തികകൾ പരിവർത്തനപ്പെടുത്തി മറ്റ തസ്തികകളിൽ എണ്ണം കൂട്ടുന്ന ഒരു പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ അന്തിമഘട്ടത്തിലാണ്. ഇതിൽ മീറ്റർ റീഡർ തസ്തിക വർധിപ്പിക്കുന്ന കാര്യവും ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ